**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1109 05/03/2020-ൽ മറുപടിയ്ക്ക്

**പ്രീപ്രൈമറി വിദ്യാഭ്യാസരംഗം ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.മമ്മൂട്ടി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പ്രീപ്രൈമറി സ്കൂളുകളുടെ ശാക്തീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രമുഖ ലക്ഷ്യങ്ങളിൽ ഒന്നാണ് പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. ശിശുകേന്ദ്രീകൃതമായ പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി 2014-ൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ 2017-ൽ പ്രീസ്കൂൾ അധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കായി (3+,4+ പ്രായക്കാർക്ക്) കളിത്തോണി എന്ന പ്രവർത്തന പുസ്തകവും, അവ ക്ലാസിൽ വിനിമയം ചെയ്യുന്നതിനുള്ള അധ്യാപക വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്.<br>തയ്യാറാക്കപ്പെട്ട സഹായികൾ പ്രാവർത്തികമാക്കുന്നതിനായി അധ്യാപകർക്ക് ഘട്ടം ഘട്ടമായി ട്രൈഔട്ടുകൾ നടത്തി പരിശീലനം എസ്.സി.ഇ.ആർ.ടി, ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ നൽകി വരുന്നു.<br>ക്ലാസ് മുറികളിൽ അക്കാദമിക-ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രീസ്കൂളുകളിൽ സാമ്പത്തിക സഹായം നൽകി പ്രവർത്തന മൂലകൾ സജ്ജീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രീപ്രൈമറി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സർക്കാർ ശമ്പളമോ മറ്റാനുകൂല്യങ്ങളോ നൽകാതെ ഇതിന്റെ ഉത്തരവാദിത്തം അധ്യാപക-രക്ഷകർതൃ സമിതിയെ ഏൽപ്പിക്കുന്നത് പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറികളെ സർക്കാർ അംഗീകരിക്കുകയും 01/08/2012 വരെ സർവ്വീസിലുണ്ടായിരുന്ന പ്രീ-പ്രൈമറികളിലെ ടീച്ചർമാർക്കും, ആയമാർക്കും ഓണറേറിയം അനുവദിച്ചു നൽകുകയും ചെയ്തു. അതിനുശേഷം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കുവാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | പത്ത് വർഷം തുടർച്ചയായി ജോലി ചെയ്യുന്ന പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

Reena

സെക്ഷൻ ഓഫീസർ